(ബി) നിലവിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുന്നതിന് നിലവിൽ പോലീസ് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാ-മാഫിയ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ കർശനമായ അച്ചടക്ക/ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) കൈക്കൂലി വാങ്ങുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് ഫലപ്രദമായ നിരീക്ഷണം നടത്തിവരുന്നു. സംശയമുള്ള സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ആവശ്യമാണെന്നു കാണുന്ന പക്ഷം എൻക്വയറിക്കായി വിജിലൻസ് വകുപ്പിന് കൈമാറുകയും ചെയ്യുവരുന്നു.

പോലീസ് സേനയിലെ കുറ്റവാസനയ്ക്ക് പരിഹാരം

204 (3838) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഐ.പി.എസ്. തലംവരെയുള്ള വിഭാഗത്തിൽ വർദ്ധിച്ചുവരുന്ന കുറ്റവാസനയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ആലോചനയിലുണ്ടോ ;

(ബി) പോലീസ് സേനയെ യഥാർത്ഥ ജനസേവകരാക്കാനുതകുന്ന പരിശീലന ക്ലാസ്സുകൾ നൽകാൻ സർക്കാർ തയ്യാറാകുമോ ;

(സി) പോലീസ് സേനയിൽ തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങളിൽ ശാരീരിക യോഗ്യതയ്ക്കൊപ്പം മാനസികാരോഗ്യത്തിനും പ്രാധാന്യം നൽകുന്ന പരിശോധനകൾ നടപ്പിൽ വരുത്തുന്നത് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പോലീസ് സേനാംഗങ്ങൾക്കിടയിൽ കുറ്റവാസന ഉള്ളവർക്കും മറ്റും നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനായി Correctional Behavioural Attitude. Human Rights എന്നീ വിഷയങ്ങളിൽ ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) പോലീസ് സേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ പരിശോധനയ്ക്കുശേഷമാണ് നിയമനം നൽകുന്നത്. നിയമനം നൽകി കഴിഞ്ഞാൽ ശാരീരികയും മാനസികവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ നൽകിവരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

205 (3839) ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ വർഷങ്ങളായി പിടിച്ചിട്ടിരിക്കുന്നതും കാലപ്പഴക്കംകൊണ്ട് തുരുമ്പിച്ച് യാത്രക്കാർക്ക് ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതുമായ വാഹനങ്ങൾ എടുത്തുമാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ എണ്ണവും പിടിച്ചിട്ടിട്ടുള്ളതിന്റെ പഴക്കവും പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വാഹനങ്ങൾ മാറ്റുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ ; എങ്കിൽ അവ അതിജീവിക്കുവാൻ നിയമനിർമ്മാണം അടക്കമുള്ള നടപടികൾക്ക് തയ്യാറാവുമോ ?

ഉത്തരം

(എ) ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്യുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എണ്ണം പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly